ഉത്തരം

(എ) ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 7-ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും പ്രകാരം വകുപ്പിന്റെ ഓഡിറ്റ് പരിധിയിൽ വരുന്ന വിവിധ തൊഴിലാളി ക്ഷേമനിധി ബോർഡുകളുടെ ഓഡിറ്റ് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് നടത്തുന്നുണ്ട്.

(ബി) ഇല്ല.

(സി) 56 വ്യത്യസ്ത വിഭാഗങ്ങളിൽ ഉൾപ്പെടുന്ന ഏകദേശം 3470 സ്ഥാപനങ്ങളുടെ ഓഡിറ്റ് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് നടത്തുന്നു. ഇതിൽ 13 തൊഴിലാളി ക്ഷേമനിധി ബോർഡുകളും ഉൾപ്പെടുന്നു.

(ഡി) ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിന്റെ പരിധിയിൽ വരുന്ന തൊഴിലാളി ക്ഷേമനിധി ബോർഡുകളുടെ ഓഡിറ്റ് മാത്രമേ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനെക്കൊണ്ട് ഓഡിറ്റ് നടത്തിക്കുവാൻ നിർവ്വാഹമുള്ളൂ.

മുദ്രപത്രത്തിന്റെ വില്പന പരിധി

32 (1086) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുദ്രപത്രത്തിന്റെ വെണ്ടർമാർക്കുള്ള വില്പന പരിധി എടുത്തുകളയണമെന്നാവശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ആയതിന്മേൽ എന്തു നടപടി സ്വീകരിച്ചു ;

(സി) വില്പന പരിധി വർദ്ധിപ്പിക്കാനോ പരിധി എടുത്തു കളയുന്നതിനോ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

സ്റ്റാമ്പ് വെണ്ടർമാർക്കുള്ള മാനദണ്ഡങ്ങളിൽ കാണപ്പെട്ട പാകപ്പിഴകൾ

33 (1087) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 10-2-2003-ലെ ദിനപത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തിയ സ്റ്റാമ്പ് വെണ്ടർമാർക്കുള്ള മാനദണ്ഡങ്ങളിൽ കാണപ്പെട്ട പാകപ്പിഴകൾ പുനഃപരിശോധിക്കണമെന്നാവശ്യപ്പെട്ട് നിവേദനം സർക്കാരിന് ലഭിച്ചുവോ ;

(ബി) എങ്കിൽ ആരാണ് നിവേദനം നൽകിയത് ;

(സി) ഏതു ജില്ലയിലെ വെണ്ടർമാരാണ് കൂടുതലായി പരാതി നൽകിയിട്ടുള്ളത് ;

(ഡി) പരാതിയിന്മേൽ എന്തു നടപടി സ്വീകരിച്ചു ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി) സ്റ്റാമ്പ് വെണ്ടർമാരുടെ സംഘടനകളാണ് നിവേദനം നൽകിയിട്ടുള്ളത്.

(സി) തിരുവനന്തപുരം ജില്ലയിലെ വെണ്ടർമാരാണ് കൂടുതൽ പരാതികൾ നൽകിയിട്ടുള്ളത്.

(ഡി) പരാതി സർക്കാർ പരിശോധിച്ചു വരുന്നു.

ലൈസൻസ്ഡ് സ്റ്റാമ്പ് വെണ്ടർമാർ

34 (1088) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ആകെ എത്ര ലൈസൻസ്ഡ് സ്റ്റാമ്പ് വെണ്ടർമാരുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(ബി) 2002 ഫെബ്രുവരിമാസത്തിനുശേഷം പുതിയതായി എത്ര പേരെ സ്റ്റാമ്പ് വെണ്ടർമാരായി നിയമിച്ചിട്ടുണ്ട് ;

(സി) ഏതു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് നിയമിച്ചതെന്ന് വ്യക്തമാക്കാമോ ; ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) 1242 ലൈസൻസ്ഡ് സ്റ്റാമ്പ് വെണ്ടർമാരുണ്ട്.

തിരുവനന്തപുരം	:	300
കൊല്ലം	:	129
പത്തനംതിട്ട	:	91
ആലപ്പുഴ	:	83
കോട്ടയം	:	167
ഇടുക്കി	:	32
എറണാകുളം	:	87
തൃശ്ശൂർ	:	108
പാലക്കാട്	:	50
മലപ്പുറം	:	52
കോഴിക്കോട്	:	82
വയനാട്	:	22
കണ്ണൂർ	:	42
കാസർഗോഡ്	:	17
		1242

LIBRARY ARCHIVES Kerala Legislative Assembly